പഠനം

നജീബ് മൗലവി



## വഹാബിസം - II

# ഇബ്നു തീമിയ്യ: യുടെ വിതണ്ഡവാദങ്ങൾ തന്നെ

അമീർ ഇബ്നു സുഊദും ഇബ്നു അബ്ദിൽ വഹ്ഹാബും തമ്മിൽ ഒന്നിച്ചതിലൂടെയാണ് വഹ്ഹാബിസത്തിന്റെയും സുഊദി ഭരണത്തിന്റെയും സ്ഥാപനം സാധ്യമായതെന്നു കഴിഞ്ഞ ലക്കത്തിൽ പറഞ്ഞു വച്ചു. ഉമറുബ്നുൽ ഖത്താബി(റ)ന്റെ സഹോദരൻ സൈദി(റ)ന്റെ ഖബ്റിനു മുകളിലുള്ള ഖുബ്ബ പൊളിച്ചതിനെത്തുടർന്ന് സത്യവിശ്വാസികളും മുസ്ലിം ഭരണാധികാരികളും ഇളകിവശായതോടെയാണ് ഇബ്നുഅബ്ദിൽ വഹ്ഹാബ് ദർഇയ്യയിലേക്കു നാടു കടക്കേണ്ടി വന്നതെന്നും വ്യക്തമാക്കി.

ഉയയ്നക്കും രിയാളിനും ഇടക്കുള്ള ഒരു ഗ്രാമമാണു ദർഇയ്യ: അവിടെ അമീറാണ് മുഹമ്മദുബ്നു സുഊദ്. ഗ്രാമത്തിലെത്തിയ ഇബ്നുഅബ്ദിൽ വഹ്ഹാബ് ഇബ്നു സുഊദുമായി സന്ധിച്ചതെങ്ങനെയെന്നു വഹ്ഹാബി ചരിത്രകാരനായ ഇബ്നു ബിശ്ർ വിശദീകരിക്കുന്നുണ്ട്. അവിടെയെത്തിപ്പെട്ട ശൈഖിനെ രഹസ്യമായി സന്ദർശിച്ച ചിലർക്കു മുമ്പാകെ അദ്ദേഹം തന്റെ തൗഹീദീ ചിന്തകൾ അവതരിപ്പിച്ചുവെന്നും ഇതിലാകൃഷ്ടരായ ആഗതർ ഭരണാധികാരിയെ സ്വാധീനിക്കാൻ ചെറിയൊരു സൂത്രം പയറ്റിയെന്നുമാണ് അദ്ദേഹം വിവരിക്കുന്നത്. ഭരണാധികാരിയായ മുഹമ്മദുബ്നു സുഊദിനെ നേരിട്ടു കണ്ടു വിഷയം പറഞ്ഞാൽ ഫലപ്പെടുകയില്ലെന്നു കണ്ട ആഗതർ അമീറിന്റെ ഭാര്യയെയും സഹോദരൻ അന്ധനായ സനിയ്യാനെയും(ثنيان) ചെന്നു കാണുകയും അവർക്കു മുമ്പിൽ ഇബ്നുഅബ്ദിൽ വഹ്ഹാബിന്റെയും അദ്ദേഹത്തിന്റെ പുതിയ ചിന്തയുടെയും കാര്യം ധരിപ്പിച്ചു വശീകരിക്കുകയും ചെയ്തു. അങ്ങനെ മുഹമ്മദുബ്നു സുഊദിന്റെ ഭാര്യയാണ് ഇബ്നുഅബ്ദിൽ വഹ്ഹാബിനെ കാണാൻ നിർദ്ദേശിച്ചതെന്നും ഇബ്നുബിശ്ർ വിവരിക്കുന്നു. ഭാര്യ ഇബ്നുസുഊദിനെ ഇങ്ങനെ ഉപദേശിച്ചുവത്രെ: ''ഈ മഹാ മനുഷ്യനെ അല്ലാഹു നിങ്ങളിലേക്ക് കൊണ്ടെത്തിച്ചതാണ്. ഇതൊരു മഹാ നേട്ടമാണ്. ഈ സവിശേഷ നേട്ടം നിങ്ങൾ മുതലാക്കുക.'' ഇബ്നു വസ്ബാന്റെ മകൾ മൗളാ(موضى)യാണത്രെ അമീറിന്റെ ഭാര്യ. സഹധർമ്മിണിയുടെ ഉപദേശത്തിനു ശേഷം സ്വന്തം സഹോദരൻ സനിയ്യാനും ഇബ്നു സുഊദിനെ ഉപദേശിച്ചു. ഇങ്ങനെയാണ് അമീർ മുഹമ്മദുബ്നു സുഊദ് തന്റെ നാട്ടിൽ വന്നെത്തിയ ശൈഖിനെ-ഇബ്നു അബ്ദിൽ വഹ്ഹാബിനെ സന്ധിച്ചത്(ഉൻവാനുൽ മജ്ദ് 1-24).

ഭാര്യയുടെ ഉപദേശപ്രകാരം ഇബ്നുഅബ്ദിൽ വഹ്ഹാബുമായി സന്ധിച്ച മുഹമ്മദുബ്നു സുഊദ് അദ്ദേഹത്തെ സ്വാഗതം ചെയ്യുകയും തന്റെ പുതിയ തൗഹീദിന്റെ പ്രബോധനത്തിന് എല്ലാവിധ സഹായവും സംരക്ഷണവും വാഗ്ദാനം നല്കുകയും ചെയ്തു. തന്റെ ഭരണം നിലനിറുത്തുന്നതിനും മറ്റു നാടുകളിലേക്കു കൂടി വ്യാപിപ്പിക്കുന്നതിനും എല്ലാവിധ ഒത്താശകളും ചെയ്യണമെന്നും ഒരിക്കലും തന്റെ നാടു വിട്ടു പോകരുതെന്നും അദ്ദേഹം ഇബ്നുഅബ്ദിൽ വഹ്ഹാബിനെ നിർബ്ബന്ധിച്ചു. ഹി: 1157-ലാണിത്. ഇങ്ങനെയാണ് പ്രഥമ സഊദി ഭരണകൂടത്തിന്റെ ആരംഭമെന്ന് സുഊദി വിദ്യാഭ്യാസ മന്ത്രാലയം പുറത്തിറക്കിയ 'സുഊദി ഭരണകൂടത്തിന്റെ ചരിത്രം' എന്ന ഗ്രന്ഥത്തിലുണ്ട്. ഈ ഭരണം എഴുപത്തിയാറ് കൊല്ലം നീണ്ടുനിന്നുവെന്നും ഇതിനിടയിൽ മുഹമ്മദുബ്നു സുഊദ്,

പുത്രൻ അബ്ദുൽ അസീസ്, അദ്ദേഹത്തിന്റെ പുത്രൻ സുഊദ്, അദ്ദേഹത്തിന്റെ പുത്രൻ അബ്ദുല്ല എന്നീ നാലു ഭരണാധികാരികൾ ഭരണം നടത്തിയെന്നും പ്രസ്തുത ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നുണ്ട്.

മുഹമ്മദുബ്നു ബഹ്ജ: അൽഅഥരി എന്ന വഹ്ഹാബി ചരിത്രകാരൻ ഈ കൂടിക്കാഴ്ചയെ വർണ്ണിക്കുന്നതിങ്ങനെയാണ്.

لقد كان اللقاء(محمد بن عبد الوهاب) ب(محمد بن سعود) توفيق قدر لقدر، ولأمر أراد الله إنفاذه على يديهما معاً، ولست أدري أكان يتم ل(محمدبن عبد الوهاب) أمره لو لم ينهض(محمدبن سعود) لبيعته و نصره؟ وكذلك ماكان يكون من رفعة الشأن لمحمدبن سعود وعقبه لو رفض دعوة(محمدبن عبد الوهاب)، ولبث حيث هو أميراً على قرية؟ بل ماكان يكون عليه (جزيرة العرب) وأقدار(العرب) لو بقيت على عزلتها و غطيطها في نومها الطويل قبل صرخة(محمدبن عبد الوهاب)؟

عقلان كبيران التقيا، وقلبان صافيان اتّحدا وروحان قويّان تحابّا وامتزجا، فأتيا بالعجب العجاب!

(മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബ് മുഹമ്മദുബ്നു സുഊദുമായി സന്ധിച്ചത് അല്ലാഹുവിന്റെ രണ്ടു തീരുമാനങ്ങളുടെ തമ്മിലുള്ള സംയോജനമായിരുന്നു. അവർ രണ്ടുപേരുടെയും കൈക്ക് ഒന്നിച്ചു നടപ്പാക്കുവാൻ അല്ലാഹു ഉദ്ദേശിച്ച ഒരു കാര്യം സാധിക്കുന്നതിനു വേണ്ടിയായിരുന്നു. മുഹമ്മദുബ്നു സുഊദ് തന്നെ ബൈഅത്ത് ചെയ്യുവാനും സഹായിക്കാനും തയ്യാറായി മുന്നോട്ടു വന്നില്ലായിരുന്നെങ്കിൽ മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബിനു തന്റെ കാര്യം പൂർണ്ണമായും സാധിച്ചു കിട്ടുമായിരുന്നോ? ഇതുപോലെ മുഹമ്മദുബ്നു സുഊദിനും പിൻഗാമികൾക്കും അവരുടെ ഉയർച്ചയും വളർച്ചയും മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബിന്റെ പ്രബോധനം നിരാകരിച്ചിരുന്നുവെങ്കിൽ സാധിക്കുമായിരുന്നില്ല. കേവലം ഒരു ഗ്രാമത്തിന്റെ അമീറായി അദ്ദേഹം നിന്നേടത്ത് നിലക്കൊള്ളുമായിരുന്നു. അതെ, ഇബ്നുഅബ്ദിൽ വഹ്ഹാബിന്റെ വിളിയാളത്തിനു മുമ്പുള്ള സുദീർഘമായ ഉറക്കിൽ കിടന്ന് കൂർക്കം വലിക്കുന്ന അവസ്ഥയിൽ കഴിയുകയായിരുന്നെങ്കിൽ അറേബ്യൻ ഉപദ്വീപും അറബികളുടെ ഊർജ്ജവുമൊന്നും മുഹമ്മദുബ്നു സുഊദിനു ലഭിക്കുമായിരുന്നില്ല! രണ്ടു വലിയ ബുദ്ധികൾ സന്ധിച്ചു. രണ്ടു തെളിഞ്ഞ മനസ്സുകൾ ഒന്നിച്ചു. ശക്തിമത്തായ രണ്ട് ആത്മാക്കൾ പരസ്പരം സ്നേഹിക്കുകയും കൂടിക്കലരുകയും ചെയ്തു. അങ്ങനെയവർ രണ്ടുപേരും മഹത്തായ അത്ഭുതം കുറിച്ചു."(മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബ്-ദാഇയത്തുത്തൗഹീദ്: പേ. 52,53).

ഈ രണ്ടു കുടുംബങ്ങൾ തമ്മിൽ പരസ്പരം പല വിവാഹ ബന്ധങ്ങൾ സ്ഥാപിച്ചു കൊണ്ട് ബന്ധം സുദൃഢമാക്കുകയും ഇരു കുടുംബവും തമ്മിൽ വേർപിരിയാൻ പറ്റാത്ത വിധം കൂട്ടിയിണക്കുകയും അരക്കിട്ടുറപ്പിക്കുകയും ചെയ്തു. ഇങ്ങനെയാണ് ഉസ്മാനിയ്യ: ഖിലാഫത്തിന്റെയും മുഹമ്മദലി പാഷയുടെയും ആക്രമണത്തിൽ തകർന്ന പ്രഥമ ഭരണകൂടത്തിന്റെ തകർച്ചക്കു ശേഷം രണ്ടാം സുഊദി ഭരണകൂടത്തിന്റെ സ്ഥാപനത്തിനും ഈ രണ്ടു കുടുംബങ്ങൾ യോജിച്ചു പ്രവർത്തിക്കാനിടയായത്. ചുരുക്കത്തിൽ സുഊദി ഭരണകൂടത്തിന്റെ ഭരണപരവും സൈനികവുമായ പിന്തുണയാണ് വഹ്ഹാബിസത്തിന്റെ സ്ഥാപനത്തിനും പ്രചാരണത്തിനും നമിത്തമായത്. സൈദ്ധാന്തികവും ആശയപരവുമായ വഹ്ഹാബിസത്തിന്റെ പിന്തുണ കൊണ്ടാണ് സുഊദി ഭരണകൂടം ശക്തിപ്പെട്ടതും വ്യാപിച്ചതും. ഇന്നിപ്പോൾ സുഊദി അറേബ്യ ഒരു രാഷ്ട്രമായി നിലക്കൊള്ളാൻ വഹ്ഹാബിസത്തിന്റെ ആവശ്യമില്ലെങ്കിലും സുഊദി ഭരണകൂടത്തിന്റെ പിന്തുണയില്ലെങ്കിൽ വഹ്ഹാബിസം മറ്റു ബിദ്അത്തു പ്രസ്ഥാനങ്ങളെപ്പോലെ തകർന്നടിഞ്ഞു നാമാവശേഷമാകും. ഭരണകൂടത്തിന്റെ നിഴൽ പറ്റിയാണ് വഹ്ഹാബിസത്തിന്റെ നിലനില്പെന്നു ചുരുക്കം.

## എന്താണു വഹ്ഹാബിസം

മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബിന്റെ പുതിയ ചിന്തകളും ആശയങ്ങളും അവ രൂപീകരിച്ചെടുക്കുന്നതിൽ അദ്ദേഹം അവലംബിച്ച ഗവേഷണ രീതികളുമെല്ലാം ഉൾക്കൊള്ളുന്ന പദമാണു വഹ്ഹാബിസം. പരമ്പരാഗത രീതിയിൽ നിന്നു വ്യത്യസ്തമായി പുതിയ ഒരു ചിന്താധാരയും നവീനാശയങ്ങളും പിറവിയെടുക്കുമ്പോളാണല്ലോ അതിനെ തിരിച്ചറിയാൻ പുതിയ നാമകരണം ആവശ്യമായി വരുന്നത്. കഴിഞ്ഞകാലത്തെ ബിദ്അത്തു പാർട്ടികളും അവരുടെ പുത്തൻ ചിന്തകളും നാമങ്ങളുമെല്ലാം ഇങ്ങനെ ഉടലെടുത്തതാണ്.

വഹ്ഹാബിസം യഥാർത്ഥത്തിൽ ഇബ്നു അബ്ദിൽ വഹ്ഹാബിന്റെ മൗലിക ചിന്തയല്ല. ഹി: 8-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഡമാസ്കസുകാരനായ അഹ്മദുബ്നു തീമിയ്യ:(ഹി: 661-728) പുറത്തു വിട്ട നവീന ചിന്തകളും പുത്തനാശയങ്ങ ളും ചില മിനുക്കു പണികളോടെ രംഗത്തിറക്കുന്ന ദൗത്യം മാത്രമേ ഇബ്നുഅബ്ദിൽ വഹ്ഹാബ് ഇക്കാര്യത്തിൽ ചെയ്തുള്ളൂ. ഹി: 12-ാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ പിറന്ന ഇദ്ദേഹം തന്റെ ഏതാണ്ട് അഞ്ചു നൂറ്റാണ്ടുകൾക്കു മുമ്പുള്ള ഇബ്നുതീമിയ്യയുടെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുകയും മുസ്ലിം ഉമ്മത്തിന്റെ പൊതു വിശ്വാസങ്ങൾക്കും നിലാപാടുകൾക്കുമെതിരായി അദ്ദേഹം പുറത്തുവിട്ട ആശയങ്ങൾ പുനരവതരിപ്പിക്കുകയും ചെയ്തു. അത്രതന്നെ. പക്ഷേ, ഇബ്നുതീമിയ്യയുടെ വിതണ്ഡവാദങ്ങൾക്കനുസൃതമായി ഒരു പുതിയ 'തൗഹീദ്' അവതരിപ്പിച്ചുവെന്നതാണ് വഹ്ഹാബിസത്തിന്റെ പുതുമ. 'കിതാബുത്തൗഹീദ്' എന്ന പേരിൽ അദ്ദേഹമെഴുതിയ കൊച്ചു രിസാലയാണു വഹ്ഹാബിസത്തിന്റെ മൗലിക ഗ്രന്ഥം. ഇബ്നുഅബ്ദിൽ വഹ്ഹാബിന്റെ രണ്ടു പൗത്രന്മാർ ഇതിനു വ്യാഖ്യാനമെഴുതിയിട്ടുണ്ട്. ഇബ്നുഅബ്ദിൽ വഹ്ഹാബിന്റെ പുത്രൻ അബ്ദുല്ലായുടെ മകൻ ശൈഖ് സുലൈ

മാനും മറ്റൊരു പുത്രൻ ഹസനിന്റെ മകൻ ശൈഖ് അബ്ദുർറഹ്മാനും. ആദ്യത്തെയാളെഴുതിയ ഗ്രന്ഥത്തിന്റെ പേര് 'തയ്സീറുൽ അസീസിൽ ഹമീദ് ഫീ ശർഹി കിതാബിത്തൗഹീദ്' എന്നാണ്. ഇതിനെ അല്പം ചുരുക്കിയും കൂട്ടിച്ചേർത്തും സംഗ്രഹിച്ചെഴുതിയതാണ് രണ്ടാമത്തെയാളുടെ ഗ്രന്ഥം. 'ഫത്ഹുൽ മജീദ് ബി ശർഹി കിതാബിത്തൗഹീദ്' എന്നാണതിന്റെ പേര്.

ഇബ്നു തീമിയ്യയിലേക്കും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിലേക്കും ഇബ്നുഅബ്ദിൽ വഹ്ഹാബിനെ തിരിച്ചുവിട്ടത് മദീനയിൽ വച്ചു താൻ കണ്ടെത്തിയ രണ്ടു ഗുരുവര്യന്മാരാണെന്നു കഴിഞ്ഞ ലക്കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ശൈഖ് അബ്ദുല്ലാഹിബ്നു ഇബ്റാഹീമബ്നി സൈഫ് എന്നയാളും ശൈഖ് മുഹമ്മദ് ഹയാത്ത് എന്നയാളും. ഇവർ രണ്ടു പേരും മദീനക്കാരല്ല. ആദ്യത്തെയാൾ നജ്ദിയും രണ്ടാമത്തെയാൾ സിന്ദിയുമാണ്. ഇരുവരും ഇബ്നുതീമിയ്യയോട് പ്രേമമുള്ളവരും അദ്ദേഹത്തിന്റെ വിതണ്ഡവാദങ്ങളിൽ ആകൃഷ്ടരുമാണ്. ഇവരുടെ പ്രേരണയും മാർഗ്ഗനിർദ്ദേശവുമനുസരിച്ച് ഇബ്നുതീമിയ്യയുടെ ഗ്രന്ഥങ്ങൾ പാരായണം ചെയ്തപ്പോളാണ് ഇബ്നുഅബ്ദിൽ വഹ്ഹാബ് പരമ്പരാഗത വിശ്വാസങ്ങളിൽ നിന്നും നിലപാടുകളിൽ നിന്നും തെറ്റിപ്പോകാനിട വന്നത്. എന്നാൽ, തനിക്കു മുമ്പു കഴിഞ്ഞുപോയ നീണ്ട അഞ്ഞൂറു വർഷങ്ങളിലെ അനേകം തലമുറകളിൽ ജീവിച്ച സത്യവിശ്വാസികളും ഉലമാക്കളും എന്തുകൊണ്ട് ഇബ്നു തീമിയ്യയുടെ വിതണ്ഡവാദങ്ങൾ നിരാകരിച്ചുവെന്ന സത്യം അദ്ദേഹം ഓർത്തില്ല.

തഖിയ്യുദ്ദീൻ എന്നും അബുൽഅബ്ബാസെന്നും ആദരപൂർവ്വം വിളിക്കപ്പെട്ടിരുന്ന മഹാപണ്ഡിതനും പ്രതിഭാധനനുമായിരുന്നു അഹ്മദുബ്നു തീമിയ്യ:. വിവിധ വിഷയങ്ങളിലുള്ള അദ്ദേഹത്തിന്റെ നിരവധി ഗ്രന്ഥങ്ങൾ ഇതിനു സാക്ഷിയാണ്. എന്നാൽ ഹി: 8-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തവസ്സുലിന്റെയും ഇസ്തിശ്ഫാഇന്റെയും പേരിൽ പിന്നിട്ട തലമുറകളിലെ സത്യവിശ്വാസികളുടെ മേൽ ശിർക്കാരോപിച്ചു കൊണ്ടുള്ള അദ്ദേഹത്തിന്റെ പുതിയ വാദവും പരിശുദ്ധാത്മാക്കളായ സൂഫിവര്യന്മാരെയും വിജ്ഞാന സമുദ്രങ്ങളെയും ഭത്സിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ നിശിത ആക്ഷേപങ്ങളും പുറത്തുവന്നതോടെ മുസ്ലിം ലോകത്തെ ഉലമാക്കളെല്ലാം അദ്ദേഹത്തിന്നെതിരാവുകയാണുണ്ടായത്. നൂറുകണക്കിനു പണ്ഡിത ശിഷ്യന്മാരുണ്ടായിരുന്ന അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ഹാഫിള് ഇബ്നുൽ ഖയ്യിമിനെയല്ലാതെ ആരെയും അദ്ദേഹത്തിന്റെ നവീനാശയങ്ങളിലേക്കു ലഭിച്ചില്ലെന്നത് അദ്ദേഹം എത്രത്തോളം സമുദായത്തിൽ ഒറ്റപ്പെട്ടുവെന്നതിനു തെളിവാണ്. ഇബ്നുതീമിയ്യയുടെ വ്യക്തിത്വത്തെയും പാണ്ഡിത്യത്തെയും ഗ്രന്ഥങ്ങളെയും പ്രശംസിച്ചവർ പോലും അദ്ദേഹത്തിന്റെ പുത്തനാശയങ്ങൾ സ്വീകരിക്കാൻ തയ്യാറായില്ല. കാരണം, അദ്ദേഹം എത്രതന്നെ പ്രഗത്ഭനാണെങ്കിലും തന്റെ പുതിയ ആശയങ്ങളധികവും മുസ്ലിം ഉമ്മത്തിന്റെ ഇജ്മാഇനു വിരുദ്ധമായ ബിദ്അത്തുകളായിരുന്നുവെന്ന് അവർക്കറിയാമായിരുന്നു. തന്റെ സമകാലികരായ തഖിയ്യുദ്ദീനുസ്സുബ്കി(റ) പോലുള്ളവർ തന്നെ ഇക്കാര്യം വ്യക്തമാക്കുകയും അദ്ദേഹത്തെ കണക്കിനു ഖണ്ഡിക്കുകയും ചെയ്തിട്ടുണ്ട്.

**ഇന്നിപ്പോൾ സുഊദി അറേബ്യ ഒരു രാഷ്ട്രമായി നിലക്കൊള്ളാൻ വഹ്ഹാബിസത്തിന്റെ ആവശ്യമില്ലെങ്കിലും സുഊദി ഭരണകൂടത്തിന്റെ പിന്തുണയില്ലെങ്കിൽ വഹ്ഹാബിസം മറ്റു ബിദ്അത്തു പ്രസ്ഥാനങ്ങളെപ്പോലെ തകർന്നടിഞ്ഞു നാമാവശേഷമാകും. ഭരണകൂടത്തിന്റെ നിഴൽപറ്റിയാണ് വഹ്ഹാബിസത്തിന്റെ നിലനില്പെന്നു ചുരുക്കം.**

അദ്ദേഹത്തിനു ശേഷം അഞ്ചു നൂറ്റാണ്ടുകൾ പിന്നിട്ടതിൽ പിറകെയാണ് ഇബ്നുഅബ്ദിൽ വഹ്ഹാബ് ആ വിതണ്ഡവാദങ്ങളുടെ വക്താവായി രംഗത്തു വരുന്നത്. ഈ അഞ്ചു നൂറ്റാണ്ടുകളിലെ പരദശം മുസ്ലിം തലമുറകൾ എന്തുകൊണ്ട് ഈ വാദങ്ങളെയും നവീനാശയങ്ങളെയും കൈയൊഴിച്ചുവെന്ന് ആലോചിക്കേണ്ട ബാദ്ധ്യത അദ്ദഹത്തിനുണ്ടായിരുന്നില്ലേ? തീർച്ചയായും ഉണ്ടായിരുന്നു. പക്ഷേ, ഇതിനു തുനിയാതെ ഈ നവീനാശയങ്ങൾക്കു നിലപാടുതറകൾ സ്ഥാപിക്കുകയും അതിന്റെയടിസ്ഥാനത്തിൽ ഒരു പ്രാസ്ഥാനിക ചിന്ത വളർത്തുകയുമാണ് അദ്ദേഹം ചെയ്തത്. ഇതിനെയാണു വഹ്ഹാബിസമെന്നു മുഖ്യധാരാസമൂഹം പേരിട്ടു വിളിച്ചത്. ഇബ്നു തീമിയ്യയിലേക്കാണ് ഈ പ്രസ്ഥാനത്തെയും ആശയങ്ങളെയും ചേർത്തു പറയേണ്ടിയിരുന്നതെങ്കിലും അദ്ദേഹത്തിന്റെ ചിന്തകൾ എട്ടാം നൂറ്റാണ്ടിൽ തന്നെ പൊതു സമൂഹത്തിൽ നിന്നു വിസ്മൃതമായിരുന്നു. അക്കാലത്തെ പണ്ഡിതന്മാരുടെയും ഇമാമുകളുടെയും എതിർപ്പോടെ പിൻതലമുറകളിൽ അതേറ്റുപിടിക്കാൻ ആളില്ലാത്ത വിധം അദ്ദേഹം ഒറ്റപ്പെട്ടു പോയിരുന്നു. നൂറ്റാണ്ടുകൾക്കു ശേഷം ഇബ്നുഅബ്ദിൽ വഹ്ഹാബ് പഴയ ഗ്രന്ഥത്താളുകളിൽ നിന്ന് ഈ വിതണ്ഡവാദങ്ങൾ പുറത്തെടുത്ത് അവതരിപ്പിച്ചപ്പോൾ ജനങ്ങൾ ഇതെല്ലാം അദ്ദേഹത്തിന്റെ പുത്തൻവാദങ്ങളായി ഗണിച്ചു. ഇങ്ങനെയാണ് വഹ്ഹാബിസമെന്നു പേർ വീണത്.

## സലഫീ സരണി

ഹി: 8-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഇബ്നുതീമിയ്യ: തന്റെ പുത്തനാശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി 'സലഫീ സരണി' എന്ന പേരിൽ ഒരു പുതിയ ചിന്താരീതി അവതരിപ്പിച്ചിരുന്നു. അല്ലാഹുവിനെക്കുറിച്ചും അവന്റെ ഗുണങ്ങളെക്കുറിച്ചുമെല്ലാമുള്ള വിശ്വാസ തത്ത്വങ്ങൾ ഈ സരണയിലൂടെ മനസ്സിലാക്കണമെന്നാണ് അദ്ദേഹം മുന്നോട്ടു വച്ചിരുന്ന നിർദ്ദേശം. മുഅ്തസിലത്തു പ്രസ്ഥാനത്തിന്റെ രംഗപ്രവേശത്തെത്തുടർന്ന് അഹ്‌ലുസ്സുന്നത്തിന്റെ വിശ്വാസ തത്ത്വങ്ങൾ സൈദ്ധാന്തികമായി അവതരിപ്പിച്ച ഇമാം അബുൽഹസനിൽ അശ്അരി(റ)യുടെയും(ഹി: 260-330) അബൂ മൻസ്വൂരിനിൽ മാതുരീദി( -333)യുടെയും വിശ്വാസ സരണികൾക്കു ബദലായാണ് ഇദ്ദേഹം തന്റെ സലഫീസരണി മുന്നോട്ടു വച്ചത്. അശ്അരിയ്യ:- മാതുരീദിയ്യ: എന്നീ പേരുകളിൽ പ്രസിദ്ധമായ ഈ രണ്ടേ രണ്ടു ചിന്താസരണികളാണ് അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിനുണ്ടായിരുന്നത്. മുഅ്തസിലത്തിന്റെ വിശ്വാസ ശാസ്ത്രം-ഇൽമുൽ കലാം ഉരുവപ്പെട്ടതു മുതൽ അതിന്റെ സ്വാധീന വലയത്തിലകപ്പെട്ട മുസ്‌ലിം ചിന്തകന്മാരെയും വിജ്ഞന്മാരെയുമെല്ലാം പരമ്പരാഗത വിശ്വാസ തത്ത്വങ്ങളിലേക്കു തിരിച്ചു കൊണ്ടുവരുന്നതിനായി ഇമാം അശ്അരിയും മാതുരീതിയും കഠിന പ്രയത്നത്തിലൂടെ സാധിച്ചെടുത്തതാണ് പ്രസ്തുത രണ്ടു ചിന്താസരണികൾ. യുക്തിചിന്തയ്ക്കു പ്രാധാന്യം നല്കിക്കൊണ്ട് ഫിലോസഫിയുടെ സഹായത്തോടെ വിശ്വാസ തത്ത്വങ്ങൾ സമർത്ഥിക്കുകയെന്നതാണ് മുഅ്തസിലത്തു പയറ്റിയിരുന്ന തന്ത്രം. ഇതാണ് അവരുടെ ഇൽമുൽ കലാമിലെ ആകർഷക രീതി. ഖുർആനും സുന്നത്തും പഠിപ്പിച്ച ഇസ്‌ലാമിക വിശ്വാസ തത്ത്വങ്ങൾ ഇതേ രീതിയിലും ശൈലിയിലും യുക്തിയുക്തമായും ബൗദ്ധികമായും സമർത്ഥിക്കുകയെന്നതാണ് ഇമാം അശ്അരിയും മാതുരീദിയും തങ്ങളുടെ ചിന്താസരണികളിൽ സ്വീകരിച്ച സവിശേഷത. അതായത്, ഇസ്‌ലാമിക പ്രമാണങ്ങൾ കൊണ്ട് സ്ഥിരപ്പെട്ട ആശയങ്ങളെയും തത്ത്വങ്ങളെയും ശാസ്ത്രീയമായും ബുദ്ധിപരമായും അവതരിപ്പിക്കുകയും സമർത്ഥിക്കുകയുമായിരുന്നു രണ്ടു സുന്നീ ചിന്താസരണകളിലുള്ള നിലപാട്. ഹി: 300-കൾക്കു മുമ്പു തന്നെ ഫലപ്രദവും സ്വീകാര്യവുമെന്നു തെളിയിക്കപ്പെട്ട ഈ രണ്ടു ചിന്താസരണികളിലൂടെയാണ് പിൽക്കാലത്തെ സുന്നീ ഉലമാക്കളും ഇമാമുകളുമെല്ലാം ചരിച്ചത്. അതിപ്രഗത്ഭരും പ്രശസ്തരും പ്രതിഭാധനന്മാരുമായ മഹാരഥന്മാരെല്ലാം ഈ രണ്ടു ചിന്താസരണികളിലൂടെയാണ് കടന്നു പോയത്. ഖാളി അബൂബക്റിനിൽ ബാഖില്ലാനി(ഹി: 403), ഹുജ്ജത്തുൽ ഇസ്‌ലാം അബൂഹാമിദിനിൽ ഗസ്സാലി(ഹി: 505), ഫഖ്റുദ്ദീൻ അർറാസി(ഹി: 606), നാസിറുദ്ദീൻ ഖാളി ബൈളാവി(ഹി: 701) തുടങ്ങിയുള്ളവരെല്ലാം ഓരോ നൂറ്റാണ്ടുകളിൽ അശ്അരീ ചിന്താസരണിയുടെ വക്താക്കളായി അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിനെ മുന്നിൽ നിന്നു നയിച്ചവരാണ്.

ഈ പ്രതിഭാധനന്മാരെയെല്ലാം കൊച്ചാക്കിയും അവരിൽ മാർഗ്ഗഭ്രംശവും ബുദ്ധിമോശവും ആരോപിച്ചുമാണ് ശൈഖ് ഇബ്നു തീമിയ്യ: തന്റെ പുതിയ ചിന്താസരണി അവതരിപ്പിക്കുന്നത്. ഇതിനദ്ദേഹം പറഞ്ഞ ന്യായം ഈ രണ്ടു സരണികളും ബുദ്ധിപരമായ തെളിവുകൾ കൊണ്ട് ഇസ്‌ലാമിക വിശ്വാസ തത്ത്വങ്ങൾ സമർത്ഥിക്കുന്നുവെന്നാണ്. 'ഇസ്‌ലാമിക വിരുദ്ധരായ ഫിലോസഫിക്കാർ ഖുർആൻ ഖണ്ഡിത പ്രമാണമല്ലെന്നു പറഞ്ഞു തള്ളുമ്പോൾ മുഅ്തസിലികളായ മുതകല്ലിമുകൾ ഖുർആനിനെക്കാൾ ബുദ്ധിക്ക് അമിത പ്രാധാന്യം നല്കുന്നു. അശ്അരികളും മാതുരീദികളുമാകട്ടെ, ഖുർആനിനെ അംഗീകരിക്കുന്നവരും അതിനെ പ്രമാണമാക്കുന്നവരും ഖുർആനിക വിശ്വാസങ്ങൾ വച്ചുപുലർത്തുന്നവരുമാണെങ്കിലും ഈ വിശ്വാസ തത്ത്വങ്ങൾക്ക് അവർ ബുദ്ധിപരമായി തെളിവ് നിരത്തുന്നു. അതിനാൽ സലഫിന്റെ(സ്വഹാബത്തിന്റെ) സരണി ഇതു നാലുമല്ല. ഇസ്‌ലാമിക വിശ്വാസ തത്ത്വങ്ങൾ ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നുമാണ് പിടിക്കപ്പെടേണ്ടത്. അതിന്റെ പ്രമാണങ്ങളും ഖുർആനും സുന്നത്തും തന്നെ. ബുദ്ധിയെ ഇതിനോടടുപ്പിച്ചു കൂടാ. ബുദ്ധി മനുഷ്യനെ പിഴപ്പിക്കുന്നതാണ്. ഇസ്‌ലാമിക പ്രമാണങ്ങളും അവ സൂചന നല്കുന്നതുമല്ലാതെ മറ്റൊന്നും വിശ്വസിക്കാൻ കൊള്ളുകയില്ല. ഇതാണ് സലഫിന്റെ രീതി. ഈ രീതിയിലൂടെ മാത്രമാണ് ഇസ്‌ലാമിക വിശ്വാസ തത്ത്വങ്ങൾ ഗ്രഹിക്കാവൂ. ഇങ്ങനെയാണ് ഇബ്നുതീമിയ്യ അവതരിപ്പിച്ച സലഫീ സരണി'(ഇബ്നുതീമിയ്യയുടെ മആരിജുൽ വുസൂൽ എന്ന ഗ്രന്ഥത്തിൽ നിന്ന്).

ഇവിടെയാണ് ഇബ്നുതീമിയ്യ:യുടെ കാൽ വഴുതിയത്. വിശുദ്ധ ഖുർആൻ ഖണ്ഡിതമായ ഉറപ്പുകൾ നല്കുന്നില്ലെന്നു പറഞ്ഞ് ഭൗതിക ശാസ്ത്രങ്ങളുടെ ആരാധകരായി മാറിയ ഫിലോസഫിസ്റ്റുകളുടെയും ബുദ്ധിയംഗീകരിക്കുന്ന ഇസ്‌ലാമിക തത്ത്വങ്ങളും വിശ്വാസങ്ങളും മാത്രം സ്വീകരിക്കുകയും അല്ലാത്തവ ബുദ്ധിക്കൊത്ത് ദുർവ്യാഖ്യാനം നടത്തുകയും ചെയ്യുന്ന മുഅ്തസിലീ നിഷേധികളുടെയും ഇടയിൽ നിന്നുകൊണ്ട് ഖുർആനും ഹദീസും പഠിപ്പിച്ച ഇസ്‌ലാമിക തത്ത്വങ്ങളെയെല്ലാം അവർക്കു കൂടി സ്വീകാര്യമാകുന്ന ബുദ്ധിപരവും ഭൗതികശാസ്ത്രപരവുമായ പ്രമാണങ്ങൾ കൊണ്ട് സമർത്ഥിക്കുന്ന അശ്അരീ സരണിയെയും മാതുരീദി സരണിയെയും അദ്ദേഹം തള്ളിപ്പറഞ്ഞു. ഇസ്‌ലാമിക ആശയങ്ങളെ കാലികമായും ശാസ്ത്രീയമായും എതിരാളികൾക്കു കൂടി സ്വീകാര്യമാകുന്ന രീതിയിൽ സമർത്ഥിക്കുന്നതിനെ അദ്ദേഹം ചോദ്യം ചെയ്തു. ഇതിന്റെ പേരിൽ ഇമാം ഗസ്സാലി, ഇമാം റാസി പോലുള്ള ഒന്നാംതരം ഇസ്‌ലാമിക ചിന്തകന്മാരെയും പ്രതിഭാധനന്മാരെയും അദ്ദേഹം കണക്കറ്റ് ആക്ഷേപിച്ചു! ഇവരെല്ലാം സ്വഹാബത്തിന്റെയും സലഫിന്റെയും മാർഗ്ഗത്തിൽ നിന്നു വ്യതിചലിച്ചവരാണെന്ന് ആരോപിച്ചു! ഇവരുടെയെല്ലാം

**വഹ്ഹാബിസം യഥാർത്ഥത്തിൽ ഇബ്നു അബ്ദിൽ വഹ്ഹാബിന്റെ മൗലിക ചിന്തയല്ല. ഹി: 8-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഡമാസ്കസുകാരനായ അഹ്മദുബ്നു തീമിയ്യ:(ഹി: 661-728) പുറത്തു വിട്ട നവീന ചിന്തകളും പുത്തനാശയങ്ങ ളും ചില മിനുക്കുപണികളോടെ രംഗത്തിറക്കുന്ന ദൌത്യം മാത്രമേ ഇബ്നുഅബ്ദിൽ വഹ് ഹാബ് ഇക്കാര്യത്തിൽ ചെ യ്തുളളൂ.**

നിലാപാടുകൾ നിരാകരിക്കണമെന്നും സലഫിന്റെ സരണി(സലഫീ മൻഹജ്)യിലേക്കു മടങ്ങണമെന്നും നിർലജ്ജം ആഹ്വാനം ചെയ്തു. ഖുർആനിലും ഹദീസിലും വന്നതെല്ലാം അങ്ങനെത്തന്നെ-ബുദ്ധിയെയും യുക്തി ചിന്തയെയും തെല്ലും അടുപ്പിക്കാതെ ഏറ്റു പറയുകയും വിശ്വസിക്കുകയും ചെയ്യുകയാണ് സലഫീ മൻഹജെന്നു വിധിയെഴുതുകയും ചെയ്തു! ഇങ്ങനെയാണ് അല്ലാഹുവിന്റെ കൈകാലുകൾ, മുഖം, സ്നേഹം, കോപം, അർശിന്റെ മുകളിലിരിക്കൽ, ആകാശത്തു നിന്നിറങ്ങൽ, കയറൽ പോലുള്ളതെല്ലാം അക്ഷരംപ്രതി യാതൊരു വ്യാഖ്യാനവും കൂടാതെ പറയുകയും വിശ്വസിക്കുകയും ചെയ്യലാണ് സലഫിന്റെ മാർഗ്ഗമെന്ന് അദ്ദേഹം തുറന്നടിച്ചതും അതേ നിലപാടിൽ നിലക്കൊണ്ടതും(അൽ മജ്മൂഅത്തുൽ കുബ്റാ ഫീ മജ്മൂഅത്തിർറസാഇൽ).

ഇസ്ലാമിന്റെ അടിസ്ഥാന വിശ്വാസ തത്ത്വമായ തൗഹീദിന്റെയും അതിന്റെ വിപരീതമായ ശിർക്കിന്റെയും വിശദീകരണത്തിലും ഇദ്ദേഹത്തിനു ചില നവീന ചിന്താഗതികളുണ്ടായി. ഇമാം ഗസ്സാലി(റ). ഇമാം റാസി(റ) തുടങ്ങിയുള്ള മഹാരഥന്മാരായ മുൻഗാമികൾക്കെല്ലാം ഇക്കാര്യത്തിൽ ഇടർച്ച സംഭവിച്ചിട്ടുണ്ടെന്നും തൗഹീദും ശിർക്കും ഗ്രഹിക്കുന്നതിൽ അവർക്കെല്ലാം പിഴവു സംഭവിച്ചിട്ടുണ്ടെന്നും ഇദ്ദേഹം ആരോപിച്ചു. മരണപ്പെട്ട മഹാത്മാക്കളെ വിളിക്കുകയോ അവരോട് ആവലാതികളും സങ്കടങ്ങളും പറയുകയോ ചെയ്യുന്നതെല്ലാം അവർക്കുള്ള ഇബാദത്തുകളാകുമെന്നും ഇതുകൊണ്ട് ബിദ്അത്തും ശിർക്കും വന്നുചേരുമെന്നും അദ്ദേഹം വാദിച്ചു. ഇതെല്ലാം വിശദീകരിച്ചുകൊണ്ട് അദ്ദേഹം പല ഗ്രന്ഥങ്ങളും രചിച്ചു.

ഇബ്നു തീമിയ്യയുടെ ഇത്തരം പുത്തൻ ചിന്തകളിലും കർമ്മശാസ്ത്ര വിഷയങ്ങളിലെ ഇജ്മാഅ് വിരുദ്ധ വാദങ്ങളിലും ഊന്നി നിന്നു കൊണ്ടും അവയെ അവലംബിച്ചു കൊണ്ടുമാണ് ഇബ്നുഅബ്ദിൽ വഹ്ഹാബിന്റെ വഹ്ഹാബിസവും നിലയുറപ്പിച്ചത്. വ്യത്യാസം വല്ലതുമുണ്ടെങ്കിൽ പ്രധാനമായും ഒന്നു മാത്രമേയുള്ളൂ. ഇബ്നു തീമിയ്യ:യുടെ ഭാഷയും വിശദീകരണവും ലഘുവാകുകയോ പ്രായേണ മയപ്പെട്ടു പോകുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഇബ്നുഅബ്ദിൽ വഹ്ഹാബ് നിർദ്ദയം അതു കട്ടി കൂട്ടുകയും കർശനമാക്കുകയും ചെയ്തിട്ടുണ്ട്. അത്രതന്നെ. ഇതിലപ്പുറം പുതിയ ചിന്തകളൊന്നും വഹ്ഹാബിസത്തിൽ ഇല്ല തന്നെ. മൗലിക ചിന്തകളവതരിപ്പിക്കാൻ മാത്രം വലിയ പ്രതിഭയും ശക്തിയും അദ്ദേഹത്തിനില്ലെന്നതും ഒരു വസ്തുതയാണ്.

❖

## അനുസ്മരണം

**മഞ്ചേരി:** ദാറുസ്സുന്നയിലെ നുസ്രത്തുൽ ഫുഖഹാ സാഹിത്യസമാജത്തിനു കീഴിൽ താജുൽഉമായുടെയും ശംസുൽ ഉലമായുടെയും അനുസ്മരണ സമ്മേളനം നടന്നു. ഉസ്താദ് അബ്ദുർറശീദ് മൗലവി മുഈനി, അബൂഹനീഫ മുഈനി, മുസ്തഫാ വഹബി ചേരമ്പാടി, കെ.എ. നാസിർ വഹബി, ബഷീർ വഹബി കൂരാട്, അബ്ദുൽഅസീസ് മൗലവി കരുളായി എന്നിവർ സംസാരിച്ചു.

അലി സുള്ള്യ സ്വാഗതവും ജൗഹർ വണ്ടൂർ നന്ദിയും പറഞ്ഞു.


പുറത്തിറങ്ങി

മൗലാനാ നജീബ് മൗലവിയുടെ

ഏറ്റവും പുതിയ പ്രഭാഷണ വി. സി.ഡികൾ

(റമദാൻ പ്രഭാഷണം)

കണ്ണീരും ചിരിയും

PART - I Vol. 1, 2 Rs. 60

PART - II Vol. 1, 2 Rs. 60

പോസ്റ്റേജ് ഫ്രീ

വിലാസം

ദാറുസ്സുന്ന ഇസ്ലാമിക കേന്ദ്രം, പാപ്പിനിപ്പാറ - മഞ്ചേരി,

മലപ്പുറം - 676122

Ph: 04931 2769031, 9744409380